# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-26

തളേളാട് എൽ പി സ്കൂൾ

# ആമുഖം

1927 ൽ ശ്രീകൃഷ്ണൻ മാസ്റ്റർ ആണ് തളുളാട് എൽ.പി സ്കൂൾ ആരംഭിച്ചത്. സാധാരണക്കാരായ ധാരാളം തൊഴിലാളികളുടെ മക്കളാണ് ഇവിടെ പഠിച്ചുവരുന്നത്.

ഒട്ടനവധി ഗവൺമെന്റ് ഉദ്യോഗസ്ഥരയും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരെയും ഈ സ്കൂൾ വാർത്തെടുത്തിട്ടുണ്ട്. തുടക്കത്തിൽ ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസുകളിലാണ് ഇവിടെ അധ്യയനം നടന്നിരുന്നത്. പിന്നീട് സർക്കാറിന്റെ ഒരു ഉത്തരവ് പ്രകാരം അഞ്ചാം ക്ലാസ് നീക്കം ചെയ്തു. വർഷങ്ങളായി വലിയ എണ്ണം കുട്ടികളില്ലാത്ത സ്കൂളായി തുടരുന്ന സ്കൂൾ 2023-24 വർഷം പുതിയ മാനേജ്മെന്റ് ഏറ്റെടുക്കുകയും സ്കൂളിലെ ഭൗതിക സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്തുകയും ചെയ്തു. അങ്ങനെ 2023-24 വർഷം ആകെ 70 കുട്ടികൾ അഡ്മിഷൻ നേടി വർഷങ്ങൾക്കുശേഷം സ്കൂൾ ഇക്കണോമിക് ആവുകയും ചെയ്തു.

പുതിയ പരിഷ്കാരങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട് പുതിയ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുത്തുകയുണ്ടായി. അങ്ങനെ 3 വർഷങ്ങൾ തുടർച്ചയായി ഇപ്പോൾ 2024-25 വർഷവും തൊണ്ണൂറിലധികം കുട്ടികളുമായ് സ്കൂൾ എക്കണോമിക് ആയി നില കൊള്ളുന്നു.

ദൂരെ നിന്നും എത്തുന്ന കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കിക്കൊണ്ട് സ്കൂൾ ബസ് സർവ്വീസ് നടത്തുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് മുന്നോട്ട് പോവാൻ ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായാണ് സ്കൂൾ മുന്നോട്ട് പോവുന്നത്. രാവിലെ 9 മണി മുതൽ 10 മണിവരെ എത്തുന്ന കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, വായന പരിശീലനം തുടങ്ങിയവ നടത്തും. ഓരോ ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശനിയാഴ്ചകളിൽ ആവശ്യമായ പഠനപിന്തുണയും സ്കൂളിൽ നടന്നു വരുന്നുണ്ട്.

സ്കൂൾ പി.ടി.എ പ്രവർത്തനം സജീവമാണ്. നാട്ടുകാർ, രക്ഷിതാക്കൾ, സ്കൂൾ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് സ്കൂളിന്റെ പുരോഗതിക്കായി പ്രവർത്തിച്ചു വരുന്നു.

## 2024-25 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം :-

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| കുട്ടികളുടെ എണ്ണം | 7 | 10 | 12 | 18 | 13 | 6 | 12 | 6 | 47 | 41 |
| ആകെ | 1 | 7 | 3 | 0 | 1 | 9 | 1 | 8 | 8 | 8 |

## 2025-26 അധ്യയന വർഷത്തിലെ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം :-

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 10 | 9 | 13 | 11 | 14 | 19 | 12 | 6 | 49 | 45 |
| ആകെ. | 1 | 9 | 2 | 4 | 3 | 3 | 1 | 8 | 9 | 4 |

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ജനറൽ ഒ.ബി.സി ഉൾപ്പെടെ മുസ്ലീം | 10 | 9 | 13 | 11 | 14 | 19 | 12 | 6 | 49 | 45 |
| ബി.പി.എൽ | 4 | 2 | 1 | 3 | 3 | 6 | 3 | 1 | 11 | 12 |
| സി.ഡബ്ല്യു.എസ്.എൻ | | | 1 | | | | | | | |

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം. |
|---|---|---|---|---|
| എൽ.പി വിഭാഗം | 5 | 4 | 1 | 4 |

# വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം- നിലവിലെ അവസ്ഥ

| വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡിഷണൽ ക്ലാസ് മുറി | 5 | |
| ആൺകുട്ടികളുടെ ടോയ്ലറ്റ് | 2 | |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്ലറ്റ് | 1 | |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | |
| പ്രധാന അധ്യാപക മുറി | ഉണ്ട് | |
| ചുറ്റുമതിൽ/ഹരിതവേലി/മറ്റു വേലികൾ | | |
| കളിസ്ഥലം | ഉണ്ട് | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | | |
| അടുക്കള | ഉണ്ട് | |
| | | |

വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ- നിലവിലെ അവസ്ഥ :-

| വിഭാഗം | നിലവിലെ അവസ്ഥ [കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ] |
|---|---|
| സബ്ജക്ട് കൗൺസിൽ | |
| എസ്.ആർ.ജി | കൃത്യമായി നടക്കുന്നുണ്ട് |
| പി.ടി.എ | കൃത്യമായി നടക്കുന്നുണ്ട് |
| എം.പി.ടി.എ | " " |
| എസ്.എം.സി | " " |
| എസ്.എസ്.ജി | " " |
| സ്കൂൾ വികസന സമിതി | " " |
| ജാഗ്രത സമിതി | " " |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | " " |
| ഗണിത ക്ലബ്ബ് | " " |
| സാമൂഹിക ശാസ്ത്ര ക്ലബ്ബ് | " " |
| ലൈബ്രറി | " " |
| ലാബ് പ്രവർത്തനങ്ങൾ | " " |
| കമ്പ്യൂട്ടർ ലാബ് | " " |
| സയൻസ് ലാബ് | " " |
| സാമൂഹ്യ ശാസ്ത്ര ലാബ് | " " |

| | | |
|---|---|---|
| ഗണിത ലാബ് | " | " |
| ലാംഗ്വേജ് ലാബ് | . | " |
| മറ്റുള്ളവ | " | " |

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ :-

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ-ഡെസ്ക് ടോപ്പ് | | |
| ലാപ്പ് ടോപ്പ് | 2 | |
| പ്രൊജക്ടർ എൽ.സി.ഡി | 1 | |
| റേഡിയോ | | |
| ടി.വി | | |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | | |
| ഡി.വി.ഡി പ്ലെയർ | | |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | | |
| ബ്ലോഗ് | | |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് | |
| സ്മാർട് ക്ലാസ്റൂം | | |
| ഇന്ററാക്റ്റീവ് വൈറ്റ് ബോർഡ് | | |
| | | |

# VISION

* സ്കൂളിന്റെ പൊതുവായ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്
* അക്കാദമിക പരമായി താഴ്ന്ന നിലവാരം പുലർത്തുന്ന കുട്ടികളെ ശരാശരി നിലവാരത്തിലേക്കെത്തിക്കാനാകുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്
* കുട്ടികളുടെ സമഗ്രവികസനം ഉറപ്പുവരുത്തുക.
* കുട്ടികളുടെ സർഗാത്മക കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
* പഠനപ്രവർത്തനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഓരോ പ്രവർത്തനങ്ങളും ലളിതവും ആകർഷകവുമാക്കുക.
* സ്വയം പഠനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറികൾ വിപുലീകരിക്കുക.
* നിത്യജീവിതത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ

അവരെ പ്രാപ്തരാക്കുക .

* വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക .
* വരുംകാല ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികത പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക .

## വിശേഷ ദിവസ ആഘോഷങ്ങൾ

പഠന നേട്ടങ്ങളുടെ ക്ലാസ്സ് റൂം അവതരണത്തെ വിശാലമായ വേദിയിൽ അവതരിപ്പിക്കാനുള്ള തുറന്ന അവസരമാണ് ദിനാചരണങ്ങളിലൂടെ നടക്കുന്നത്. ഇതിനുവേണ്ട ഒരുക്കങ്ങൾ ഏറ്റവും നല്ല പഠന പ്രവർത്തനമാണ്. രക്ഷിതാക്കളെയും മറ്റ് വിദ്യാലയ സമൂഹത്തെയും വിദ്യാലയ പ്രവർത്തനങ്ങളിൽ കണ്ണിചേർക്കുന്നതും, സജീവമായി നിലനിർത്തുന്നതും ഇത്തരം ദിനാഘോഷങ്ങളിലൂടെയാണ്.

ദിനാചരണങ്ങൾ ആഘോഷമാക്കും വിദ്യലയം നാടിന്റെ സാംസ്കാരിക കേന്ദ്രമാകും എന്നിവ സ്കൂൾ വികസന രേഖയുടെ ലക്ഷ്യമാണ്. ഇവ സാധിതമാക്കാൻ പ്രയാസമേറെയെങ്കിലും ദിനാചരണങ്ങൾ ആഘോഷമാക്കേണ്ടത് അത്യാവശ്യമാണ്.

പഠന നേട്ടങ്ങളുമായി ഇഴചേർത്ത് കൊണ്ട് മാത്രമേ ദിനാചരണ ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്യാൻ പാടുള്ളൂ. മൂല്യബോധം ഊട്ടിഉറപ്പിക്കാനും സംസ്കാരം തിരിച്ചറിയാനും ഇതു വഴി കഴിയുന്നു.

പോസ്റ്റർ രചന, ചാർട്ട് നിർമ്മാണം, ബാഡ്ജ് നിർമ്മാണം, മുദ്രഗീത നിർമ്മാണം, പ്ലകാർഡ്, നിർമ്മാണം, പതിപ്പ് നിർമ്മാണം, പ്രസംഗം (ഭാഷണം) ആലാപനം, അഭിനയം, സ്കിറ്റ് നിർമ്മാണം, തിയറ്റർ നൈപുണികൾ (ഒരുക്കം, വേഷം, സംവിധാനം, അഭിനയം) എന്നിങ്ങനെ സമസ്ത മേഖലകളുടെയും ഒരു സമ്മേളനം ഇവിടെ സാധിതമാകുന്നു.

ഈയൊരു കാഴ്ച്ചപ്പാടിലൂടെ രൂപീകരിച്ചതും ഏറെയും പ്രയോഗവത്കരിച്ചതുമായ പ്രവർത്തനങ്ങളുടെ സൂചനകളാണ് ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

## വിശേഷ ദിവസ വിശേഷങ്ങൾ

### പ്രവേശനോത്സവം

- എസ്.ആർ.ജി., പി.ടി.എ., യോഗം തീരുമാനം ഒരുക്കം.
- പുതിയ പ്രവേശനക്കാർക്കുള്ള സമ്മാനം ശേഖരിക്കൽ.
- ഡക്കറേഷൻ, ബാനർ, നോട്ടീസ് – പ്രചരണം.
- ഉദ്ഘാടകൻ മറ്റ് വിശിഷ്ട വ്യക്തികൾ, ജനപ്രതിനിധികൾ ക്ഷണിക്കൽ.
- പുതിയ പ്രവേശനകാരെ ഗെയിറ്റിൽ നിന്നും വരവേൽപ്പ്
- ചടങ്ങ്
- അക്ഷരദീപം തെളിയിക്കൽ
- ഒന്നാം തരത്തിലേക്കുള്ള പ്രവേശനം.
- മിഠായി, പായസം വിതരണം

### ജൂൺ 5 പരിസ്ഥിതി ദിനം

- എസ്.ആർ.ജി, തീരുമാനം, ഒരുക്കം.
- വൃക്ഷത്തൈ ശേഖരിക്കുന്നു. ബാഡ്ജ് തയ്യാറാക്കുന്നു.
- ഉദ്ഘാടകൻ, പ്രഭാഷകൻ – കണ്ടെത്തുന്നു.
- പ്രത്യേക അസംബ്ലി.
- വൃക്ഷത്തൈ ആദരിക്കൽ ചടങ്ങ്.
- സ്കൂൾ ഗ്രൗണ്ടിലൂടെ ജാഥ – ജാഥ മുദ്രാവാക്യം എഴുതുന്നു.
- പരിസ്ഥിതി ദിന ബാഡ്ജ് തയ്യാറാക്കുന്നു.
- പതിപ്പുകൾ തയ്യാറാക്കുന്നു. (പിന്നീട് ഒരാഴ്ച സമയം കഥ, കവിത, കാർട്ടൂൺ, ഫോട്ടോസ്)

### ജൂൺ 21 യോഗ ദിനം

- യോഗ പരിശീലനം
- ബോധവത്കരണം
- വിദഗ്ധനെ ക്ഷണിക്കുന്നു. (രാവിലെ 9 മുതൽ 10 വരെ)

ജൂൺ 19 വായനാവാരം

- എസ്.ആർ.ജി., പി.ടി.എ., തീരുമാനം മുന്നൊരുക്കം.

ഒന്നാം ദിവസം (സാഹിത്യകാരൻ)

- ☐ ഉദ്ഘാടകൻ
- ☐ പ്രാദേശിക വായനശാലയുമായി സഹകരിച്ച് പുസ്തക പ്രദർശനം – ഒരാഴ്ച
- ☐ ക്ലാസ്സ് റൂം ലൈബ്രറി – അലങ്കരിക്കൽ

രണ്ടാം ദിവസം

- ☐ പ്രത്യേക അസംബ്ലി
- ☐ ആസ്വാദന കുറിപ്പിന്റെ അവതരണം
- ☐ വായനാനുഭവം പങ്കുവെക്കൽ
- ☐ വായനപ്പുരയിൽ ദീപം തെളിയിക്കൽ (പി.എൻ.പണിക്കരുടെ ഫോട്ടോ)

മൂന്നാം ദിവസം

- ☐ അമ്മ വായന – പരിപാടി അവതരണം
- ☐ വായനാക്കുറിപ്പ് – ചർച്ച
- ☐ വായനാക്കുറിപ്പിന്റെ എഴുത്തിനെ സഹായിക്കാനുള്ള ഫോർമാറ്റ്
- ☐ അമ്മ വായനാപുസ്തക വിതരണം.

നാലാം ദിവസം

- ☐ ക്ലാസ്സ് റൂം ലൈബ്രറി ശാക്തീകരണം
- ☐ ഒരു കുട്ടി ഒരു പുസ്തകം – ക്ലാസ്സ് ലൈബ്രറിയിലേക്ക്
- ☐ പുസ്തക വിതരണോദ്ഘാടനം. – പൊതു ലൈബ്രറി
- ☐ ക്ലാസ് തല വായനാ മത്സരം

അഞ്ചാം ദിവസം

- ☐ ക്വിസ് മത്സരം – മലയാളം മനോഹരം
- ☐ വായനാകുറിപ്പ് അവതരണം അസംബ്ലിയിൽ
- ☐ വായനാമത്സരം, ക്വിസ്സ് എന്നിവയ്ക്കുള്ള സമ്മാന വിതരണം.

| | |
|---|---|
| Name of School | THALLODE LP SCHOOL |
| Name of Revenue Village | KOTTAYAM |
| Name of Cluster [CRC] | KOTTAYAM |
| Name of Panchayath | KOTTAYAM |
| Name of Block | |
| Name of District | KANNUR |
| Name of H.M with Mobile Number | BINDU . R<br>8281411350 |

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

| Sl No | Programme | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ഭൗതികം |
|---|---|---|---|---|---|
| 1. | തെളിമലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. | * അക്ഷര ചിത്രത്തിലൂടെ അക്ഷരത്തിലേക്ക് നയിക്കൽ<br>* ചിഹ്നങ്ങളും അക്ഷരങ്ങളും വേർതിരിച്ചെഴുതി അവ യോജിപ്പിച്ച് പദങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനം.<br>* ആദരണം അണിയിക്കാം പ്രവർത്തനം.<br>ചിഹ്നങ്ങളില്ലാതെ ചെറുകഥകൾ നൽകി കുട്ടികളോട് അനുയോജ്യമായ ചിഹ്നങ്ങൾ നൽകാൻ ആവശ്യപ്പെടുന്നു.<br>* അക്ഷരക്കാർഡ്, പദക്കാർഡ് എന്നിവ ഉപയോഗിക്കൽ.<br>* അക്ഷരകാർഡ് ഉപയോഗിച്ച് പദങ്ങളും പദക്കാർഡ് ഉപയോഗിച്ച് വാക്യങ്ങളും | മലയാള ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുന്നു. | | |

| | | | | | |
|---|---|---|---|---|---|
| | വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ | നിർമിക്കുന്നു.<br>* ലഘു ചിത്രകാർഡുകൾ കൊടുത്ത് അതിനനുയോജ്യമായ വാക്കുകൾ കുട്ടികൾ സ്വയം കണ്ടെത്തുന്നു.<br>* ഇതിനായി ICT സാധ്യത ഉപയോഗിക്കുന്നു.<br>* ഓരോ ചിത്രത്തെക്കുറിച്ചും പറയാൻ അവസരം നൽകുന്നു. അവ എഴുതുന്നു.<br>* കഥാസന്ദർഭം അടങ്ങിയ ഒരു ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ സ്വയം പറയുകയും ബാക്കി ഭാഗം പൂർത്തീകരിക്കുകയും ചെയ്യുന്നു. | | | |
| 2. | വായനക്കളരി | * കഥകൾ എഴുതാത്ത കഥാസന്ദർഭവുമായി ബന്ധപ്പെട്ട ചിത്രകാർഡുകൾ നൽകി കുട്ടികളെക്കൊണ്ട് കഥപറയിപ്പിക്കുന്നു | മികച്ച വായനാശീലം മലയാളഭാഷയിൽ വികസിപ്പിച്ചെടുക്കൽ. | | |

| | | | | | | |
|---|---|---|---|---|---|---|
| | | * സാമാന്യം വലിപ്പത്തിലുള്ള അക്ഷരങ്ങൾ അടങ്ങിയ കഥകൾ [മിന്നാമിന്നി, കളിക്കുടുക്ക, പുസ്തകപ്പൂമഴ, വായനാ കാർഡ് ഉൾപ്പെടുന്ന പുസ്തകങ്ങൾ കുട്ടികൾക്കു നൽകി അവരെക്കൊണ്ടു തന്നെ വായിപ്പിക്കുന്നു.<br>* വായനാമൂല, ക്ലാസ് ലൈബ്രറി എന്നിവ രൂപീകരിക്കൽ.<br>* ഓരോ ആഴ്ചയിലും ഓരോ ലൈബ്രറി പുസ്തകം നൽകുന്നു.<br>* ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനക്കുറിപ്പ് തയ്യാറാക്കുന്നു.<br>* ക്ലാസിൽ അവതരിപ്പിക്കുന്നു<br>* വായനാക്കുറിപ്പുകളുടെ പതിപ്പ് തയ്യാറാക്കുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| | | * വായനാദിനത്തിൽ പുസ്തകപരിചയം.<br>* പോസ്റ്റർ രചന, ചാർട്ട് പ്രദർശനം, ക്വിസ് മത്സരം, ലൈബ്രറി പുസ്തക വിതരണം.<br>* ദിനാചരണങ്ങളോടനുബന്ധിച്ച് വായനോത്സവം സംഘടിപ്പിക്കുന്നു.<br>* വായനാക്കൂട്ടത്തിലെ കുട്ടികൾ തയ്യാറാക്കിയ വായനക്കുറിപ്പും രചനകളും ഉൾപ്പെടുത്തി ഒരുപതിപ്പു തയ്യാറാക്കുന്നു. | മലയാള ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | | |
| | അക്ഷരചിത്രങ്ങൾ | * ഭാഷയിലെ ആദ്യപടിയായി മലയാള ഭാഷകൾ ഉപയോഗിച്ച് അക്ഷരചിത്രങ്ങൾ പരിചയപ്പെടുത്തി.<br><br>അക്ഷരത്തിലേക്ക് നയിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | പദനിർമ്മാണം | * അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതിയ കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കുന്നു. | | | |
| | വാക്യനിർമ്മാണം | * അക്ഷര കാർഡും പദ കാർഡും ഉപയോഗിച്ച് വാക്യ നിർമാണം<br>* ലഘു ചിത്ര കാർഡുകൾ കൊടുത്ത് അതിനനുയോജ്യമായ വാക്കുകൾ കുട്ടികൾ സ്വയം കണ്ടെത്തുന്നു. | | | |
| | ആഭരണം അണിയൽ | ചിഹ്നങ്ങളില്ലാതെ ചെറുകഥകൾ നൽകി കുട്ടികളോട് അനുയോജ്യമായ ചിഹ്നങ്ങൾ നൽകാൻ ആവശ്യപ്പെടുന്നു. | | | |
| | കഥാലോകം | * ഓരോ ചിത്രത്തെക്കുറിച്ചും പറയാൻ അവസരം നൽകുന്നു.<br>അവ എഴുതുന്നു.<br>കഥാസന്ദർഭം തുടങ്ങിയ ഒരു ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കഥയുടെ കുറച്ചു ഭാഗം കുട്ടികൾ സ്വയം പറയുകയും ബാക്കിഭാഗം പൂർത്തിയാക്കുകയും ചെയ്യുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

| | | | | | |
|---|---|---|---|---|---|
| | നറുക്കെടുക്കാം | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>കിട്ടിയ സംഖ്യ വായിക്കാം<br>മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 മുതൽ 100 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുന്നു. | | |
| | 10 ചങ്ങാതിമാർ | സംഖ്യ നറുക്ക് എടുക്കുന്നു.<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | | | |
| | പാറ്റേൺ പൂർത്തിയാക്കാം | വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ. | | | |
| | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | ഭാഗ്യവാനെ കണ്ടെത്താം | അധ്യാപകൻ ബോർഡിൽ ഒരുസംഖ്യ എഴുതുന്നു<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ക്രിയ ചെയ്യാം. ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | | |
| | ജോഡികണ്ടെത്താം | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി കളത്തിൽ ഒട്ടിക്കാം. | | | |
| | സംഖ്യാചക്രം | സംഖ്യ ചക്രം കറക്കി 2സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം ഹരണം | | | |

| | | | | | |
|---|---|---|---|---|---|
| | ഗണിതമൂല (ഗണിതം മധുരം) | * ഗണിത പഠനം രസകരമാക്കാനായി സ്കൂളിൽ ഒരു ഗണിതമൂല നിർമ്മിക്കുന്നു.<br>* സംഖ്യാബോധം ഉറപ്പിക്കാനായി മഞ്ചാടി, പുളിങ്കുരു, കല്ലുകൾ, ഒരേ വലുപ്പമുള്ള ഈർക്കിൽ കഷണം, സ്ട്രോകൾ, പൊട്ടുകൾ തുടങ്ങിയവ ഗണിതമൂലയിൽ സജ്ജീകരിക്കുന്നു.<br>* സ്ഥാനവില ഉറപ്പിക്കുന്നതിനായി സ്ഥാനവില പോക്കറ്റുകൾ, അബാക്കസ് എന്നിവ സജ്ജീകരിക്കുന്നു.<br>* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ എളുപ്പമാക്കാൻ കളിനോട്ടുകൾ നാണയങ്ങൾ എന്നിവ ഗണിതമൂലയിൽ ഒരുക്കുന്നു. | ഗണിതപഠനശേഷി വികസിപ്പിക്കുക. | | |

| | | | | | |
|---|---|---|---|---|---|
| | | സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എളുപ്പത്തിൽ നിർധാരണം ചെയ്യുന്നതിനായി ക്ലോക്കിന്റെ മാതൃകകളൊരുക്കണം.<br>* ജ്യോമട്രിക് രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായി അവയുടെ വ്യത്യസ്ത മാതൃകകൾ ഒരുക്കുന്നു. | | | |
| | ഉല്ലാസ ഗണിതം | ഒന്ന്, രണ്ട് ക്ലാസിൽ ഗണിതപഠന പ്രവർത്തനം എളുപ്പമാക്കുന്നതിനായി ക്ലാസ് മുറിയിൽ ഉല്ലാസ ഗണിത സാമഗ്രികൾ പ്രദർശിപ്പിക്കുന്നു. പ്രവർത്തനങ്ങൾ ചെയ്യുന്നു. | | | |

# Academic master plan English

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | *To check the vocabulary and writing skils of pupils.<br>* To develop listening skills and reading skills.<br>Learning skills<br>1. Games, Action songs Hello English activities.<br>2. Conversation, skit, stories use ICT<br>speaking skills<br>1. Identify the naming words from the picture.<br>2. Identify the action words from the same picture. | To speak Read and write english with out any mistakes. | June to March | |

| | | | | | |
|---|---|---|---|---|---|
| | | 3. Make simple sentences using the action word and naming words about the picture.<br>4. Make symbol description about the picture.<br>5. Growing sentences, picture reading, self Introduction, Assembly are also conducted. | | | |
| | Speech, book review, quiz riddles, self Introduction | Reading skills<br>1. News paper reading, library books reading, book review,<br>2. Find words<br>3. collect and read past tense.<br>4. Rhyming words.<br>5. Discribing words<br>6. Textbook activities. | Develop the creative speaking and writing | August and september | |

| | | | | | |
|---|---|---|---|---|---|
| | | Writing skills<br>1. Make word web<br>2. Picture description and describing words.<br>3. word chain sentence chain<br>4. make words and sentences.<br>5. Make riddles, Conversation<br>4. Add more lines. | | | |
| | speech, book review, quiz, riddles, self introducation Makes descrip-tion magazines. | Reading skill<br>1. News paper reading, library books reading, book review reading.<br>2. conversations, skit, story<br>3. Develop story<br>4. Read notice. | To express thoughts Feelings etc | October and November | |

| | | | | | | |
|---|---|---|---|---|---|---|
| | Class Dictionary. | ഓരോ ക്ലാസിലും പഠിക്കുന്ന ഇംഗ്ലീഷ് words കണ്ടെത്തി അവ Dictionary രൂപത്തിൽ തയ്യാറാക്കുന്നു. ഓരോ ക്ലാസിനും പ്രത്യേകം ഇന words spelling പഠിക്കാൻ നൽകുന്നു ഒന്ന്, രണ്ട് ക്ലാസ് കുട്ടികൾക്ക് ദിവസവും . 5 word ഉം 3, 4, ക്ലാസ് കുട്ടികൾക്ക് ദിവസവും 10 word നൽകുന്നു. ദിവസവും നൽകുന്ന words കുട്ടികൾ പഠിച്ചു വരുന്നു ആഴ്ചയിൽ ഒരു തവണ Dictation വയ്ക്കുന്നു. മാർച്ച് മാസത്തോടെ Dictionary words മുഴുവനും കുട്ടികൾ പഠിക്കുന്നു. | | | ജൂൺ മുതൽ | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു.<br>* പ്രകൃതി നടത്തം<br>* വിത്തു മുളപ്പിക്കൽ<br>* വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിത കാർഡ് നിർമ്മാണം. | SRG |
| ജൂലൈ | * വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്ര ശേഖരണം<br>* മണ്ണ് നിരീക്ഷണം<br>* ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>ശലഭങ്ങൾ വരുന്ന ചെടികൾ | PTA<br>SRG |
| വർഷം Full | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | SRG, PTA |

| | | |
|---|---|---|
| ആഗസ്റ്റ് | * മഴമാപിനി നിർമ്മാണം<br>* ജലസംരക്ഷണ Poster നിർമ്മാണം<br>* കിണർ സന്ദർശനം<br>* മണ്ണ് നിരീക്ഷണം.<br>* മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>* മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>* ആശയ പടം തയ്യാറാക്കൽ. | |
| സെപ്തംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം<br>* സ്കൂൾ ശുചിത്വ ക്ലബ്<br>* ആരോഗ്യ ബോധവൽക്കരണം - സെമിനാർ<br>* Interview - ആരോഗ്യ പ്രവർത്തനങ്ങൾ | |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ് - (പഴം/പച്ചക്കറി കട)<br>* Food Festival<br>* എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും<br>* BMI കാണുന്നു. | |

| | | |
|---|---|---|
| | * സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണശീലം - poster | |
| നവംബർ | * ആരോഗ്യ വിദഗ്ധർ - ക്ലാസ്/ ഇന്റർവ്യൂ<br>* റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>* First aid kit തയ്യാറാക്കൽ<br>* First aid - Readers's Theatre<br>* സ്വയം സുരക്ഷ - പത്ര കട്ടിംഗ്സ് - ചർച്ച - ബോധവൽക്കരണം | |
| ഡിസംബർ | * പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനങ്ങൾ Globe, ICT<br>* ഗ്ലോബ് നിർമ്മാണം<br>* ദേശീയ പതാക വരയ്ക്കൽ<br>* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* എന്റെ കേരളം - കുറിപ്പ് ചോദ്യോത്തരപ്പയറ്റ്<br>* ഭൂപ്രകൃതി തിരിച്ചറിയൽ - google map | |

| | | |
|---|---|---|
| ജനുവരി<br>ഫിബ്രവരി | * ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>* വ്യത്യസ്ത തരം വീടുകൾ - Album<br>* വീട് നിർമ്മാണ ഇടം - സന്ദർശനം<br>* വ്യത്യസ്ത തരം ജോലികൾ<br>Survey<br>* Interview and Field Visit<br>പൊതുസ്ഥാപനം | SRG<br>PTA |
| മാർച്ച് | പഠനോത്സവം | PTA<br>SRG<br>SSK |

- ആദ്യ ദിവസം രാവിലെ ഒരു മണിക്കൂർ ഉപയോഗപ്പെടുത്തുന്നു.
- പിന്നീട് ക്ലാസ് സമയം ഉപയോഗപ്പെടുത്തുന്നില്ല.
- 9.30 മുതൽ 10 മണി വരെ പരിപാടി നടത്തുന്നു.

<u>ജുലായ് 5 ബഷീർ ദിനം</u>

- ബഷീർ അനുസ്മരണ പരിപാടി
- എസ്.ആർ.ജി തീരുമാനം
- ബഷീറിനെ തീരുമാനിക്കുന്നു. ബഷീറിന്റെ സംഭാഷണം.
- ഈസിചെയർ, വേഷം തയ്യാറാക്കുന്നു.
- ബഷീർ പുസ്തകങ്ങളുടെ ശേഖരണം, പ്രദർശനം
- ബഷീർ എല്ലാ ക്ലാസിലും സന്ദർശിക്കുന്നു.
  - സ്വന്തമായി പരിചയപ്പെടുത്തുന്നു.
  - പുസ്തകവും കാണിക്കുന്നു.
- അരമണിക്കൂർ സമയം മാത്രം ഉപയോഗിക്കുന്നു.

<u>ജുലായ് 21 ചാന്ദ്രവിജയദിനം</u>

- SRG, PTA തീരുമാനം
- ഗ്രൗണ്ട് ഷോ
  - മുറ്റത്ത് ചന്ദ്രനെ സൃഷ്ടിക്കുന്നു.
  - നീൽ ആംസ്ട്രോങ് – ഒരു കുട്ടി
  - ചന്ദ്രനിലെ വിശേഷങ്ങൾ ഒരു കുട്ടി ചോദിക്കുന്നു.
  - ഭാരവ്യത്യാസം അവതരിപ്പിക്കുന്നു.
  - എലിബാണം, റോക്കറ്റ് വിശദീകരണം
  - പാറകൊണ്ടു വന്ന കാര്യം – ഒ.എൻ.വി. കവിത
- എല്ലാവരും ചന്ദ്രനിൽ കാലുകുത്തുന്നു
- ചന്ദ്രനിലെ നടത്തം അനുകരിക്കുന്നു.
- ബാഡ്ജ് തയ്യാറാക്കുന്നു.

- ബഹിരാകാശ ക്വിസ്സ് മത്സരം -സമ്മാനം
- രക്ഷിതാക്കളെ ക്ഷണിക്കുന്നു.
- ഒരു മണിക്കൂർ സമയം ഉപയോഗപ്പെടുത്തുന്നു.
- എല്ലാ ക്ലാസ്സിലും ചാന്ദ്രദിന ചാർട്ട് രൂപീകരിക്കുന്നു
  - ജൂലായ് 21 ന് പ്രകാശനം മാത്രം

<u>ഭക്ഷണമേള</u>

(ജൂലായ് മാസത്തിലെ ഒരു ദിവസം ബഷീർദിനം/ചാന്ദ്രദിനം)

- പി.ടി.എ തീരുമാനം ,എസ്.ആർ.ജി തീരുമാനം
- നാടൻ ജൈവ ഭക്ഷണമേള
- നാടൻ ഭക്ഷണം പരിചയപ്പെടുത്തുന്നു
- ഏത് തരം ഭക്ഷണം എന്നത് പി.ടി.എ യിൽ തീരുമാനിക്കുന്നു
- മഴക്കാല ആരോഗ്യം -കർക്കടക ക്ലാസ്സ് ആരോഗ്യപ്രവർത്തകൻ
- എല്ലാ രക്ഷിതാക്കളും ഭക്ഷണം തയ്യാറാക്കുന്നു
- സ്കൂൾ സമൂഹത്തിലെ വിശിഷ്ട വ്യക്തിയെ പ്രത്യേകം ക്ഷണിക്കുന്നു.

<u>ആഗസ്ത് 6, 9 ഹിരോഷിമ നാഗസാക്കി ദിനം</u>

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ആഗസ്ത് 6 നോ , 9 നോ ഒരു ദിവസം പ്രത്യേക അസംബ്ലി
- ക്വിസ് മത്സരം
- പോസ്റ്റർ രചനാമത്സരം
- എൽ.സി.ഡി.ഷോ
- പ്ലക്കാർഡ് നിർമ്മാണം
- യുദ്ധവിരുദ്ധ റാലി
- ബോംബിന്റെ മാതൃക നിർമ്മാണം പ്രദർശനം
- ദുരന്തം വിഷയമാക്കി ചാർട്ട് നിർമ്മാണം

**<u>ആഗസ്ത് 15 സ്വാതന്ത്ര്യദിനം</u>**

- ❖ എസ്.ആർ.ജി, പി.ടി.എ തീരുമാനം-ഒരുക്കം
- ❖ സ്കൂൾ അലങ്കരിക്കൽ
- ❖ ഗ്രൗണ്ട് ഷോ-അവതരണം

    സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളുടെ അവതരണം സ്ക്രിപ്റ്റ് രചന, തീയേറ്റർ പരിശീലനം എന്നിവ നേരത്തേ നടത്തുന്നു)

- ❖ സ്വാതന്ത്ര്യദിന ഘോഷയാത്ര-ചെണ്ട
- ❖ പ്ലക്കാർഡ് നിർമ്മാണം
- ❖ മുദ്രാഗീത നിർമ്മാണം
- ❖ പതാക ഉയർത്തൽ-അനുബന്ധ പരിപാടികൾ
- ❖ ചടങ്ങ്
- ❖ പായസ വിതരണം

**<u>ഓണാഘോഷം</u>**

**<u>ആഗസ്ത്-സെപ്തംബർ</u>**

- ❖ എസ്.ആർ.ജി,പി.ടി.എ തീരുമാനം-ഒരുക്കം അലങ്കരിക്കൽ
- ❖ ഉദ്ഘാടകൻ ,അതിഥികൾ,ജനപ്രതിനിധികൾ
- ❖ ഊഞ്ഞാൽ
- ❖ രക്ഷിതാക്കളുടെ തിരുവാതിര
- ❖ എസ്.എസ്.ജി അംഗങ്ങളുടെ 'ഗാനമാലിക'
- ❖ പൂക്കളം അമ്മമാർ
- ❖ ഓണം- ഘോഷയാത്ര
    - മാവേലി,വാമനൻ,പുലിവേട്ടക്കാർ
    - ചെണ്ട
    - മലയാളത്തനിമ വേഷക്കാർ
    - മിഠായി വിതരണം
- ❖ വിഭവ സമൃദ്ധമായ ഓണസദ്യ

## സെപ്തംബർ 5 അധ്യാപക ദിനാഘോഷം

- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- ഗുരുവന്ദനം
- പ്രദേശത്തെ വയോധികരായ അധ്യാപകരെ ആദരിക്കുന്നു
- കുട്ടികൾ അധ്യാപകർക്ക് പൂക്കൾ നൽകി സ്വീകരിക്കുന്നു
- ഡോ. എസ് രാധാകൃഷ്ണന്റെ പടത്തിൽ പൂക്കൾ അർപ്പിക്കുന്നു.
- കുട്ടികളുടെ കലാപരിപാടികൾ
- പായസ മത്സരം

## ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ഗ്രൗണ്ട് ഷോ
  - ഗാന്ധിയുടെ സമരനേതൃത്വവുമായി ബന്ധപ്പെട്ട് ഒരു ഏട്
  - സ്ക്രിപ്റ്റ് രചന,തീയേറ്റർ പരിശീലനം
  - വേഷം തീരുമാനിക്കൽ
- സ്കൂൾ അലങ്കരിക്കൽ
- പ്രത്യേക അസംബ്ലി
- സ്കൂൾ തലം ഗാന്ധി ക്വിസ്സ്
- ഗാന്ധിജി – ചാർട്ട് രൂപീകരണം

## നവംബർ 14 ശിശുദിനം

- എസ്.ആർ.ജി, പി.ടി.എ തീരുമാനം
- ഗ്രൗണ്ട് ഷോ
  - നെഹ്റു ജീവിത ഏട്
  - സ്ക്രിപ്റ്റ് നിർമ്മാണം
  - തീയേറ്റർ പരിശീലനം
- നാടൻ പാട്ട് മേള
- നെഹ്റു ക്വിസ് മത്സരം
- നെഹ്റു പതിപ്പ് രൂപീകരണം
- നെഹ്റു പതിപ്പ് രൂപീകരണം
- നെഹ്റു വേഷം –ആശംസ

ബാലോത്സവം

ക്രിസ്തുമസ്-പുതുവത്സരാഘോഷം

- പരീക്ഷകഴിഞ്ഞ്
- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- ക്രിസ്മസ് കൂട്,ക്രിസ്മസ് ട്രീ ഒരുക്കുന്നു
- സ്റ്റാർ അലങ്കാരം ഒരുക്കുന്നു.
- ക്രിസ്മസ് കേക്ക് ഒരുക്കുന്നു.
- അപ്പൂപ്പൻ ചെണ്ട, ഘോഷയാത്ര കരോൾ ഗാനം മധുര വിതരണം.
- ഉദ്ഘാടനം
- അങ്കൺവാടി കുട്ടികളുടെ കലാപരിപാടികൾ
- സ്കൂൾ കുട്ടികളുടെ കലാപരിപാടികൾ
- ക്രിസ്തുമസ് സദ്യ

ജനുവരി 26

റിപ്പബ്ലിക് ദിനാഘോഷം

- എസ്.ആർ.ജി,പി.ടി.എ തീരുമാനം
- പ്രത്യേക അസംബ്ലി,പതാക ഉയർത്തൽ
- ചടങ്ങ്,ജാഥ
- ദേശീയപതാക നിർമ്മാണ ശില്പശാല
- റിപ്പബ്ലിക് ദിന-ചാർട്ട് രൂപീകരണം
- റിപ്പബ്ലിക് ദിന-ചാർട്ട് രൂപീകരണം
- റിപ്പബ്ലിക് ദിന ക്വിസ്സ്
- പായസം

സ്കൂൾ വാർഷികം

മധ്യവേനൽ അവധിക്കാലം

- കുട്ടികളുടെ നൃത്തനൃത്യങ്ങൾ
- തിരുവാതിര, ഒപ്പന
- അങ്കണവാടി കുട്ടികളുടെ കലാപരിപാടികൾ
- സ്കൂൾ വാർഷിക റിപ്പോർട്ട് (പവർപോയിന്റ് പ്രസന്റേഷൻ)
- രക്ഷിതാക്കൾക്കുള്ള പരിപാടികൾ
- സ്കൂൾ പ്രദർശന മേള- ഉച്ചവരെ
- ഭക്ഷണം
- വിനോദ കായിക മത്സരം-രക്ഷിതാക്കൾക്ക്
- ഇംഗ്ലീഷ് സ്കിറ്റ്
- കലോത്സവത്തിലെ മികച്ച ഇനങ്ങളുടെ അവതരണം
- ഒരുക്കം- നോട്ടീസ്, ബാനർ, സാമ്പത്തിക സമാഹരണം
- പി.ടി.എ തീരുമാനം, ജനുവരി മാസം
- എസ്.ആർ.ജി ചർച്ച ഡിസംബർ മാസം